# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 142 | 09.06.2014-ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ കുബേര

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പി. വിൻസെന്റ്<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.എം.എ.വാഹീദ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |

(എ) ആർ.ബി.ഐ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(എ) നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളെയും, വ്യക്തികളെയും നിരീക്ഷിക്കുന്നതിനും, Kerala Money Lenders Act 1958-ലെ ബന്ധപ്പെട്ട വകുപ്പുകൾ, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ എന്നിവയനുസരിച്ച് ശിക്ഷിക്കുന്നതിനും, ഇത്തരം സംഭവങ്ങൾ തടയുന്നതിനുമായി 18.12.2009 -ലെ സർക്കുലർ നം. 52/09 പ്രകാരം സംസ്ഥാന പോലീസ് മേധാവി എല്ലാ റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽമാർക്കും, ജില്ലാ പോലീസ് മേധാവിമാർക്കും, മറ്റ് ബന്ധപ്പെട്ട അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെ തിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 420 പോലുള്ള വകുപ്പ് അനുസരിച്ചും, Sec.3 of the Prize Chits and Money Circulation (Banning) Act 1978, 2(1) (C) r/w 7 of Drugs and Magic remedies(objectionable Advertisement) Act 1954, The Kerala Money Lenders Act 1958 പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിലുള്ള കുറ്റങ്ങൾ സ്ഥിരമായി ആവർത്തിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും 'കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ടിന്റെ' പരിധിയിൽ ഉൾപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. RBI ഗവർണർക്ക് കേരളത്തിൽ പ്രവർത്തിക്കുന്ന NBFC കൾ അമിത പലിശ ഈടാക്കുന്നുവെന്ന പരാതികളെപ്പറ്റിയും, Fair Pratice Code (Circular DNBS (PD) CC No.340/03.10.042/2013 -14 നടപ്പാക്കുന്നതിനേപ്പറ്റിയും ആഭ്യന്തര മന്ത്രി കത്തയച്ചു. ഇതേപ്പറ്റി അന്വേഷിക്കാൻ റിസർവ് ബാങ്ക് ഗവർണർ നിർദ്ദേശം നല്കിയിട്ടുണ്ട്.

| | |
|---|---|
| (ബി) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി ക്രൈം സ്റ്റോപ്പർ മാതൃകയിൽ സംവിധാനം ഏർപ്പെടുത്തുമോ; | (ബി) & (സി) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി ക്രൈം സ്റ്റോപ്പർ മാതൃകയിൽ ഒരു സംവിധാനം ഏർപ്പെടുത്താൻ നിലവിൽ ഉദ്ദേശമില്ല. എന്നാൽ ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.മാരെ ജില്ലാ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ജില്ലാ പോലീസ് മേധാവികളെയും, നോഡൽ ഓഫീസർമാരെയും ബന്ധപ്പടേണ്ട നമ്പരും, ഇ-മെയിൽ വിലാസവും മാധ്യമങ്ങൾ വഴി പരസ്യപ്പെടുത്തണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിനു പുറമേ ആഴ്ചയിൽ ഒരു ദിവസത്തിന്റെ പകുതി പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനായി മാറ്റിവയ്ക്കണമെന്നുള്ള നിർദ്ദേശവും കൂടി ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുമുണ്ട്. പരാതിക്കാർക്ക് ആഭ്യന്തര മന്ത്രിയുടെ phone ൽ പറയാനും, mail യിലൂടെ പരാതി അറിയിക്കാനുമുള്ള സംവിധാനവും ഏർപ്പാട് ചെയ്തിട്ടുണ്ട്. |
| (സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | |

സെക്ഷൻ ഓഫീസർ